# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1277** **30.01.2018 -ൽ മറുപടിയ്ക്ക്**

## സ്വകാര്യ സ്കൂളുകളിലെ യൂണിഫോം

**ചോദ്യം**

ശ്രീ. സി.ദിവാകരൻ

(എ) സംസ്ഥാനത്ത് 2017-18 അദ്ധ്യയന വർഷം മുതൽ സ്വകാര്യ സ്കൂളുകളിൽ ഒന്നിലധികം യൂണിഫോമുകൾ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ , അത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ:

(സി) പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) (ബി) (സി) ഉണ്ട് ; സംസ്ഥാനത്തെ സർക്കാർ / അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നിലധികം യൂണിഫോം ഉപയോഗിക്കുന്നത് തടഞ്ഞുകൊണ്ട് മുൻ വർഷങ്ങളിൽ നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശം പൂർണമായും പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 2017-18 അദ്ധ്യയന വർഷത്തിൽ ഈ നിർദ്ദേശം ഒരിക്കൽകൂടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കുലർ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാത്ത സ്കൂൾകൾക്കെതിരെ പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ